12103
18/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വീ- കെയർ - സാമൂഹ്യാധിഷ്ഠിത പരിചരണ ശൃംഖല പ്രോജക്റ്റ്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

======================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.571/2015/സാനീവ. തീയതി, തിരുവനന്തപുരം, 15.09.2015

======================================================================

പരാമർശം : 1. കേരള സാമൂഹ്യസുരക്ഷാ മിഷന്റെ എ 3/2370/15/കെ.എസ്.എസ്.എം നമ്പർ കുറിപ്പ്.
2. 20.08.2015 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

**ഉത്തരവ്**

ശാരീരികവും മാനസികവുമായ ദുരിതങ്ങളാലും പ്രായാധിക്യത്താലുള്ള അവശതകളാലും ദൈനംദിന ജീവിതത്തിന് പരസഹായം ആവശ്യമുള്ളവരും എന്നാൽ സഹായവും പിന്തുണയും യഥാസമയം ലഭിക്കാതെ ജീവിതം ദുസ്സഹമായവർക്ക് പരിചരണ സേവനവും പിന്തുണയും നൽകുന്നതിനുള്ള സാമൂഹ്യാധിഷ്ഠിതമായ സംവിധാനമായ 'We care' സംഘത്തിന് രൂപം നൽകുന്നതിനുള്ള പ്രോജക്റ്റിന് ഭരണാനുമതി നൽകണമെന്നും, 2235-02-72-(18)- We care- Social Security Volunteers എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,00,00,000/- രൂപ (അഞ്ച് കോടി രൂപ) അനുവദിച്ച് നൽകണമെന്നും പരാമർശ കുറിപ്പ് പ്രകാരം കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശാരീരികവും മാനസികവുമായ ദുരിതങ്ങളാലും പ്രായാധിക്യത്താലുള്ള അവശതകളാലും ദൈനംദിന ജീവിതത്തിന് പരസഹായം ആവശ്യമുള്ളവരും എന്നാൽ സഹായവും പിന്തുണയും യഥാസമയം ലഭിക്കാതെ ജീവിതം ദുസഹമായവർക്ക് പരിചരണവും സേവനവും പിന്തുണയും നൽകുന്നതിനുള്ള സാമൂഹ്യാധിഷ്ഠിതമായ സംവിധാനമായി We careVolunteer Corps പദ്ധതിക്ക് ഭരണാനുമതി നൽകിയും ധനകാര്യവകുപ്പിന്റെ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രമേ ചിലവ് വഹിച്ചുകൊണ്ട് തസ്തിക സൃഷ്ടിക്കൽ നടത്തൽ സംബന്ധിച്ച നടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായും ("Approved subject to incur expenditure towards the creation of posts in this regard as per existing rules of the Finance Department) 2235-02-72-(18)- We care- Social Security Volunteers- എന്ന

ശീർഷകത്തിൽ നിന്നും 5,00,00,000/- രൂപ (അഞ്ച് കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക കേരള സാമൂഹ്യസുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്. ബി അക്കൗണ്ട് നമ്പർ 134 ലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു. We care Volunteer Crops പദ്ധതിക്ക് ആവശ്യമായ തസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പ്രത്യേകമായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

സാമൂഹ്യനീതി (എ) വകുപ്പ്.

✓വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ